# കുഷ്ഠരോഗികളുടെ ഞായറാഴ്ച നടത്തേണ്ട പ്രാർത്ഥന

## (ശ്രേഷ്ഠാനുമതിയോടു കൂടി)

തന്നെ സമീപിച്ച കുഷ്ഠരോഗിയുടെ മേൽ കൈ വച്ച് അവനെ സുഖപ്പെടുത്തിയ സ്വർഗ്ഗീയ വൈദ്യനായ കർത്താവേ, കുഷ്ഠരോഗികൾക്കും അവരുടെ പൈതങ്ങൾക്കും വേണ്ടി ലെപ്രസി മിഷനും മറ്റും ചെയ്യുന്ന സേവനങ്ങളെ വാഴ്ത്തണമേ. പ്രത്യേകിച്ച് മലങ്കര ഓർത്ത ഡോക്സ് സഭയിലെ ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ ആന്ധ്രാപ്രദേശത്ത് യാച്ചാരം ഗ്രാമത്തിൽ നടത്തപ്പെടുന്ന സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം, ഇറ്റാർസി സെന്റ് പോൾസ് ബാലഗ്രാം, കാരാശ്ശേരി കരുണാ ബാലഗ്രാം, ദേഹുറോഡ് ബാലികാഗ്രാം എന്നീ സ്ഥാപനങ്ങൾക്കും അതിലെ അന്തേവാസികൾക്കും പ്രവർത്തകർക്കും വേണ്ടി ഞങ്ങളണയ്ക്കുന്ന പ്രാർത്ഥന കൈക്കൊള്ളണമേ. ബാംഗ്ലൂരിലെ കുണിഗലിൽ പ്രവർത്തിച്ചുവരുന്ന എയ്ഡ്സ് രോഗികളുടെ കുഞ്ഞുങ്ങളെ പരിപാലിക്കുന്ന മാർ ഗ്രീഗോറിയോസ് ദയാഭവനെയും വാഴ്ത്തി അനുഗ്രഹിക്കണമേ. ലോകമെങ്ങുമുള്ള പ്രത്യേകാൽ ഭാരതത്തിലുള്ള ബഹുലക്ഷം കുഷ്ഠരോഗികളെ നീ കടാക്ഷിച്ച് അവരെ സുഖപ്പെടുത്തണമേ. ഞങ്ങളുടെ രഹസ്യവും പരസ്യവുമായ നൊമ്പരങ്ങളെയും രോഗങ്ങളെയും ശമിപ്പിക്കേണമേ. ശരീരത്തെ കുഷ്ഠരോഗം നിർജ്ജീവമാക്കുന്നതുപോലെ ഞങ്ങളുടെ ആത്മാക്കളെ മരിപ്പിക്കുന്ന പാപരോഗത്തെ നീ നശിപ്പിച്ചുകളയണമേ. എനിക്ക് മനസ്സുണ്ട്, നീ ശുദ്ധനാകുക എന്നു കല്പിച്ച് കുഷ്ഠരോഗിയെ സൗഖ്യമാക്കിയ കരുണാസമ്പന്നനായ നാഥാ, ഞങ്ങളെയും സ്പർശിച്ച് ഞങ്ങളുടെ ആത്മ ശരീര രോഗങ്ങളിൽ നിന്ന് ഞങ്ങളെയും സൗഖ്യമാക്കണമേ. രോഗികളെ ചെന്നുകാണുന്നതും ശുശ്രൂഷിക്കുന്നതും നിനക്ക് ചെയ്യുന്ന ശുശ്രൂഷകളായി കരുതുന്ന കരുണയുള്ള കർത്താവേ, നിന്നെ ശുശ്രൂഷിക്കുന്നതിൽ ഞങ്ങൾക്ക് വന്നുപോയ അലസത ക്ഷമിക്കേണമേ. കുഷ്ഠരോഗികളേയും അവരുടെ കുട്ടികളേയും സഹായിക്കുന്ന ഏവരേയും നീ സഹായിക്കണമേ. നീ ഞങ്ങൾക്കു തന്ന ധനവും സമയവും ആരോഗ്യവും വിശ്വസ്തരായ കാര്യവിചാരകന്മാരെപ്പോലെ ആവശ്യക്കാർക്കായി വിനിയോഗിപ്പാൻ ഞങ്ങൾക്കിടയാക്കേണമേ. അന്ത്യനാളിൽ വിശ്വസ്തരായ ദാസന്മാരെ, എന്നുള്ള വിളി നിന്നിൽ നിന്നും കേൾപ്പാൻ ഞങ്ങൾക്കിടയാക്കണമേ. ആയത് ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും എന്നും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ടു തന്നെ. ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ. -ആമ്മീൻ.